# വിഷയം: സകാത്തും അവകാശികളും

തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സ്വാദിഖ്

**1- സകാത്ത് നിർബ്ബന്ധമാക്കിയതിലെ തത്വവും, ഇസ്‌ലാമിൽ സകാത്തിനുള്ള സ്ഥാനവും**

حكمة مشروعية الزكاة :

**1**– تنمي المال وتزيده بركة كما قال ﷺ: (مَا نَقَصَتْ صَدَقَةٌ مِنْ مَالٍ)(رواه مسلم) ، وقالﷺ :( مَنْ تَصَدَّقَ بِعَدْلِ تَمْرَةٍ مِنْ كَسْبٍ طَيِّبٍ وَلَا يَقْبَلُ اللَّهُ إِلَّا الطَّيِّبَ وَإِنَّ اللَّهَ يَتَقَبَّلُهَا بِيَمِينِهِ ثُمَّ يُرَبِّيهَا لِصَاحِبِهِ كَمَا يُرَبِّي أَحَدُكُمْ فَلُوَّهُ حَتَّى تَكُونَ مِثْلَ الْجَبَلِ)(متفق عليه).

**2- സകാത്ത് നൽകാതിരുന്നാൽ സംഭവിക്കുന്ന നാശത്തിൽ നിന്നും, സമ്പത്ത് നഷ്ടത്തിൽ നിന്നും സംരക്ഷണം ലഭിക്കും.**

**3- പിശുക്കിൽ നിന്ന് മോചനവും, സമ്പത്തിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.**

**4- സമൂഹത്തെ കുറ്റകൃത്യങ്ങളിൽ നിന്നും, കുഴപ്പങ്ങളിൽ നിന്നും സംരക്ഷിക്കാൻ സാധിക്കുന്നു.**

**5- സമ്പന്നർക്കും, പാവപ്പെട്ടവർക്കുമിടയിൽ സാഹോദര്യ ബന്ധം ഉണ്ടാക്കുന്നു.**

**6- സമ്പന്നർക്കുള്ള ഒരു പരീക്ഷണമാണ് സകാത്ത്, അവർ അവരുടെ സമ്പത്ത് കൊണ്ട് അല്ലാഹുവിലേക്ക് അടുക്കുന്നുണ്ടോയെന്ന് പരീക്ഷിക്കുവാൻ.**

## സകാത്തിന്റെ നിർവ്വചനം تعريف الزكاة :

لغــة : النماء والزيادة ومنه قوله تعالى:(قد أفلح من زكاها) (الشمس آية **9**) .

وشرعا: حق مالي واجب، في مالٍ مخصوصٍ ،لطائفةٍ مخصوصةٍ،في زمن مخصوص .

## ഇതിന്റെ വിധി: حكمها :

واجبة بدليل القران والسنة والإجماع، فمن القران قوله تعالى:(و ءاتوا الزكاة) (النورآية**56**) ،ومن السنة قوله ﷺ:( بني الإسلام على خمس... وذكر الزكاة) (متفق عليه)، وأما الإجماع فقد أجمع المسلمون على وجوب الزكاة وان من تركها جاحدا لوجوبها فقد كفر.

## ഇസ്‌ലാമിൽ സകാത്തിനുള്ള സ്ഥാനം:

**ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തേതാണ് സകാത്ത് കൊടുക്കൽ. ക്വുർആനിൽ നമസ്കാരത്തോടൊപ്പം 82 പ്രാവശ്യം ആവർത്തിച്ച് സകാത്ത് കൊടുക്കണമെന്ന് പറഞ്ഞ ആയത്തുകൾ കാണാവുന്നതാണ്. ഹിജ്റ 2-ാം വർഷമാണ് സകാത്ത് നിർബ്ബന്ധമാക്കിയത്. പ്രവാചക തിരുമേനി സകാത്ത് പിരിച്ചെടുക്കുവാനും, അത് അവകാശികൾക്ക് വിതരണം നടത്തുവാനും പ്രത്യേകം ജോലിക്കാരെ വരെ**

നിയമിച്ചിരുന്നു.

الفرق بين النصاب والزكاة :

النصاب : هو المال الذي تجب عنده الزكاة.

الزكـــاة: هي المقدار الذي يؤخذ من النصاب.

നിസാബ്: 'സകാത്ത് നിർബ്ബന്ധമാവാനുള്ള നിശ്ചിത തോതാണ് നിസ്വാബ്'.

സകാത്ത്: 'നിസ്വാബ് എത്തിയ ധനത്തിൽ നിന്നും നൽകേണ്ട സമ്പത്താണ് സകാത്ത്'.

സകാത്ത് നിർബ്ബന്ധമാവാനുള്ള നിബന്ധനകൾ:

1- ഇസ്‌ലാം.
2- സ്വാതന്ത്ര്യം.
3- നിസ്വാബ് എത്തുക. (സകാത്ത് നിർബ്ബന്ധമാവാനുള്ളത്ര സമ്പത്ത് ഉടമപ്പെടുത്തുക)
4- പൂർണമായി ഉടമപ്പെടുത്തുക. (സ്വതന്ത്രമായി കൈകാര്യം ചെയ്യാവുന്ന രൂപത്തിൽ)
5- വർഷം തികയുക. (ഭൂമിയിൽ നിന്ന് ലഭിക്കുന്നതിന് ഈ നിബന്ധന ബാധകമല്ല)

സകാത്ത് നിർബ്ബന്ധമുള്ള സമ്പത്തുക്കൾ:

1- കാലികൾ.
2- ഭൂമിയിൽ നിന്ന് ലഭിക്കുന്നവ.
3- സ്വർണ്ണവും വെള്ളിയും.
4- കച്ചവട ചരക്കുകൾ.

- മേൽ പറഞ്ഞവക്ക് സകാത്ത് നിർബ്ബന്ധമാവണമെങ്കിൽ അതിനോട് യോചിച്ച് വരുന്ന നിബന്ധനകൾ മുഴുവനും ഒത്തു വരേണ്ടതുണ്ട്.

- അല്ലാഹു സമ്പത്തുകൾക്ക് സകാത്ത് നിർബ്ബന്ധമാക്കിയിട്ടുള്ളത് അത് ലഭിക്കുവാൻ ചെലവഴിക്കുന്ന അദ്ധ്വാനത്തിനും, ചെലവിനും അനുസരിച്ചാണ്. നിധികൾക്ക് അല്ലാഹു അതിൻെറ അഞ്ചിലൊന്ന് സകാത്ത് നൽകണമെന്ന് നിയമമാക്കിയിട്ടുണ്ട്. കാരണം അതിന് യാതൊരു ചിലവുമില്ല. അല്ലാഹു വിൻെറ മഴയും മറ്റുമുപയോഗിച്ചാണ് കൃഷി ചെയ്യുന്നതെങ്കിൽ അതിന് ചിലവ് കുറച്ച് മാത്രമേയുള്ളൂ, ആയതിനാൽ അതിന് അഞ്ചിലൊന്നിൻെറ പകുതി സകാത്ത് നൽകണം. എന്നാൽ നനച്ച് കൊണ്ടാണ് ഉണ്ടാക്കുന്നതെങ്കിൽ അതിന് അഞ്ചിലൊന്നിൻെറ നാലിലൊന്ന് സകാത്ത് നൽകിയാൽ മതി. ചിലവും അദ്ധ്വാനവും കൂടിയ കച്ചവടത്തിനും, സമ്പത്തിനും നൽകേണ്ട സകാത്ത് അഞ്ചിലൊന്നിൻെറ എട്ടിലൊന്നാണ്. കാരണം അതിന് വളരെയധികം അദ്ധ്വാനിക്കേണ്ടതുണ്ട്.

2- സകാത്ത് നിർബ്ബന്ധമാവുന്ന സമ്പത്തുക്കൾ:

1- കാലി സമ്പത്ത്:

ഒട്ടകം: അഞ്ചിൽ താഴെയുള്ള ഒട്ടകത്തിന് സകാത്തില്ല.

5 മുതൽ 9 വരെയുള്ള ഒട്ടകങ്ങൾക്ക് ഒരു ആടിനെ സകാത്തായി നൽകണം.

10 മുതൽ 14 വരെയുള്ള ഒട്ടകങ്ങൾക്ക് രണ്ടാടും,

15 മുതൽ 19 വരെയുള്ളതിന് മൂന്നാടും,

20 മുതൽ 24 വരെയുള്ളതിന് നാലാടും സകാത്തായി നൽകണം.

25 മുതൽ 35 വരെയുള്ള ഒട്ടകങ്ങൾക്ക് ഒരു വയസ്സുള്ള പെൺ ഒട്ടകവും, 36 മുതൽ 45 വരെയുള്ളതിന് രണ്ട് വയസ്സുള്ളതും,

46 മുതൽ 60 വരെയുള്ളതിന് മൂന്ന് വയസ്സുള്ളതിനെയും,

76 മുതൽ 90 വരെയുള്ളതിന് രണ്ട് വയസ്സുള്ള രണ്ട് ഒട്ടകങ്ങളെയും,

91 മുതൽ 120 വരെയുള്ളതിന് മൂന്ന് വയസ്സുള്ള രണ്ട് ഒട്ടകങ്ങളെയും സകാത്തായി നൽകണം.

121ന് മുകളിലുള്ള ഓരോ 40 നും രണ്ട് വയസ്സുള്ളതിനെയും,

ഓരോ 50 നും മൂന്ന് വയസ്സുള്ളതിനെയും കൂട്ടി കൂട്ടി കൊടുക്കണം.

പശു: മുപ്പതിൽ താഴെ വരെയുള്ള പശുക്കൾക്ക് സകാത്തില്ല.

30 മുതൽ 39 വരെയുള്ളതിന് ഒരു വയസ്സുള്ള പശുവിനെ നൽകണം.

40 മുതൽ 59 വരെയുള്ളതിന് രണ്ട് വയസ്സുള്ളതിനെയും നൽകണം.

60 ന് മുകളിലുള്ള ഓരോ 30 നും ഒരു വയസ്സുള്ളതിനെയും, ഓരോ 40നും രണ്ട് വയസ്സുള്ളതിനെയും കൂട്ടി കൂട്ടി കൊടുക്കണം.

ആട്: നാൽപതിന് താഴെയുള്ള ആടുകൾക്ക് സകാത്തില്ല.

40 മുതൽ 120 വരെയുള്ളതിന് ഒരാടും,

121 മുതൽ 200 വരെയുള്ള തിന് രണ്ടാടും,

201 മുതൽ 300 വരെയുള്ളതിന് മൂന്നാടും സകാത്തായി നൽകണം. പിന്നീടുള്ള ഓരോ നൂറിനും ഒരാട് വീതം കൂട്ടി നൽകണം.

ഭൂമിയിൽ നിന്ന് ലഭിക്കുന്നതിൻെറ സകാത്ത്:

ഭൂമിയിൽ നിന്ന് ലഭിക്കുന്ന സമ്പത്തുക്കൾ പ്രധാനമായും നാല് ഇനങ്ങളാണ്.

1- ധാന്യങ്ങളും, പഴങ്ങളും.

2- ഖനന വസ്തുക്കൾ

3- നിധികൾ

4- തേൻ

ഇതിന് തെളിവായി അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا أَنفِقُوا مِنْ طَيِّبَاتِ مَا كَسَبْتُمْ وَمِمَّا أَخْرَجْنَا لَكُمْ مِنْ الْأَرْضِ)(البقرة:267)

“സത്യവിശ്വാസികളെ നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്നും, ഭൂമിയിൽ നിന്ന് നിങ്ങൾക്ക് നാം ഉത്പാദിപ്പിച്ചുതന്നതിൽ നിന്നും നിങ്ങൾ ചിലവഴിക്കുവീൻ” (അൽബഖറ:267)

കൃഷി:

എല്ലാ കൃഷിയുൽപന്നങ്ങൾക്കും സകാത്ത് നൽകണമോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ പറയുന്നത്: ധാന്യങ്ങൾ, ഗോതമ്പ്, കാരക്ക, ഉണക്ക മുന്തിരി എന്നിവയ്ക്ക് മാത്രം. കാരണം ഹദീസിൽ ഈ നാല് വിഭാഗം മാത്രമേ വന്നിട്ടൊള്ളു,

ഭൂമിയിൽ നിന്ന് ലഭിക്കുന്ന മുഴുവൻ കൃഷിയുൽപന്നങ്ങൾക്കും സകാത്ത് നൽകണം:

عَنْ سَالِمِ بْنِ عَبْدِاللَّهِ عَنْ أَبِيهِ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: فِيمَا سَقَتِ السَّمَاءُ وَالْعُيُونُ( أَوْ كَانَ عَثَرِيًّا) الْعُشْرُ وَمَا سُقِيَ بِالنَّضْحِ نِصْفُ الْعُشْرِ )( بخاري)

3- അളക്കുകയും, സൂക്ഷിക്കുകയും ചെയ്യുന്ന ധാന്യങ്ങൾ ഫലവർഗങ്ങൾ എന്നിവക്ക് നിർബ്ബന്ധമാണ്. എന്നാൽ പച്ചക്കറി അതിൽ ഭിന്നത വളരെ കുറവാണ്. ഏറ്റവും പ്രബലാമയ അഭിപ്രായം പച്ചക്കറിക്ക് സകാത്തില്ലായെന്നാണ്. കാരണം ഈ വിഷയത്തിൽ നമുക്ക് ചില ഹദീസുകൾ കാണാൻ കഴിയുന്നതാണ്.

ഭൂമിയില്‍ നിന്ന് ലഭിക്കുന്ന കൃഷികള്‍ക്ക് സകാത്ത് നിര്‍ബ്ബന്ധമാവാനുള്ള നിബന്ധനകള്‍:

1- ധാന്യമോ ഫല വര്‍ഗങ്ങളോ ആയിരിക്കുക.
2- സൂക്ഷിച്ച് വെക്കുവാന്‍ കഴിയുന്നവയായിരിക്കുക.
3- അളക്കുവാന്‍ കഴിയുന്നവയായിരിക്കുക.
4- സകാത്ത് നിര്‍ബ്ബന്ധമാവുന്ന കാലാവധി വരെ അവന്‍റെ ഉടമസ്ഥതയിലായിരിക്കുക. എന്നാല്‍ സകാത്ത് നല്‍കേണ്ട സമയം കഴിഞ്ഞിട്ടാണ് അവന് നിസാബ് എത്തുന്നതെങ്കില്‍ അവന് സകാത്ത് നല്‍കേണ്ടതില്ല.

ഈയിനങ്ങള്‍ക്ക് ഒരു വര്‍ഷം കാത്തിരിക്കേണ്ടതില്ല. എപ്പോഴാണോ വിളവെടുക്കുന്നത് അപ്പോള്‍ സകാത്ത് നല്‍കേണ്ടതുണ്ട്.

നിസ്വാബ്:

ധാന്യങ്ങളുടെ നിസ്വാബ് അഞ്ച് വസ്ഖാകുന്നു. ഇത് 300 സ്വാഅ് ആണ്. ആധുനിക അളവ്പ്രകാരം ഏകദേശം 612 കിലോഗ്രാം വരും.

തെളിവായി നമുക്ക് ഖുര്‍ആനില്‍ കാണാവുന്നതാണ്.

[وآتوا حقه يوم حصاده] (الأنعام آية 141)

"അതിന്‍റെ വിളവെടുപ്പ് ദിവസം അതിലുള്ള ബാദ്ധ്യത നിങ്ങള്‍ കൊടുത്തു വീട്ടുകയും ചെയ്യുക"

ومن السنة قول الرسولﷺ:(ليس في حب ولا ثمر صدقة حتى يبلغ خمسة أوسق) (رواه الستة).

സുന്നത്തില്‍ നിന്നുള്ള തെളിവ്: പ്രവാചകന്‍(സ) പറഞ്ഞു: "ധാന്യത്തിനും, പഴങ്ങള്‍ക്കും അഞ്ച് വസ്ഖ് തികയുന്നത് വരെ സകാത്തില്ല"

ധാന്യത്തിന്‍റെയും, പഴങ്ങളുടെയും സകാത്തിന്‍റെ തോത്

മഴ, അരുവി, പുഴ എന്നിവയിലെ വെള്ളം കൊണ്ട് യാതൊരു പ്രയാസവും കൂടാതെയാണ് കൃഷി ചെയ്യുന്നതെങ്കില്‍ അതിന് അതിന്‍റെ പത്തിലൊന്ന് സകാത്ത് നല്‍കണം.

കിണറിലെ വെള്ളം ഉപയോഗിച്ച് വളരെ പ്രയാസപ്പെട്ട് തേവി നനച്ചുണ്ടാക്കിയതാണെങ്കില്‍ അതിന് പത്തിലൊന്നിന്‍റെ പകുതി കൊടുത്താല്‍ മതി. ഇതിനുള്ള തെളിവ് പ്രവാചകന്‍(സ) പയുന്നു:

قوله ﷺ:(فيما سقت السماء العشر ،وفيما سقي بالنضح نصف العشر) ( رواه البخاري وأحمد ) .

- “മഴ പെയ്തുണ്ടായ കൃഷിയാണെങ്കിൽ അതിന് പത്തിലൊന്നും, തേവി നനച്ചുണ്ടാക്കിയതാണെങ്കിൽ അതിന് പത്തിലൊന്നിന്റെ പകുതിയും സകാത്ത് നൽകണം” (ബുഖാരി, അഹ്മദ്)
- ചിലപ്പോൾ മഴ കൊണ്ടും മറ്റു ചിലപ്പോൾ തേവി നനച്ചതുമാണെങ്കിൽ അതിന് പത്തിലൊന്നിന്റെ നാലിൽ മൂന്ന് ഭാഗം സകാത്ത് നൽകണം. അതായത് 7.5 ശതമാനം.
- ശ്രദ്ധിക്കുക:

ആരെങ്കിലും ഭൂമി മറ്റൊരാളിൽ നിന്ന് പാട്ടത്തിനെടുത്ത് കൃഷി ചെയ്താൽ അതിനുള്ള സകാത്ത് പാട്ടത്തിനെടുത്ത ആളാണ് നൽകേണ്ടത്. അധിക പണ്ഡിതന്മാരുടെയും അഭിപ്രായം ഇതാണ്. കാരണം സകാത്ത് കൃഷിക്കാണ് അതല്ലാതെ ഭൂമിക്കല്ല.

വിളവെടുക്കുന്നതിന് മുമ്പ് കൃഷി ഉടമസ്ഥന് അതിൽ നിന്ന് ഭക്ഷിക്കാവുന്നതാണ്. അത് നിസാബിൽ ഉൾപ്പെടുത്തേണ്ടതില്ല. വിളവെടുത്ത് അതിന്റെ ശുദ്ധീകരണം കഴിഞ്ഞതിന് ശേഷം അതിന് സകാത്ത് നൽകുക.

ഒരു വർഷത്തെ വിളവ് പരസ്പരം കൂട്ടിയാണ് സകാത്തിന്റെ നിസാബ് കണക്കാക്കേണ്ടത്. ഉദാഹരണമായി വേനൽകാലത്തെയും, ശൈത്യകാലത്തേയും വിളവ് ഒന്നിച്ച് നിസാബ് കണക്കാക്കിയി ട്ടാണ് സകാത്ത് നൽകേണ്ടത്. അത് വിറ്റിരുന്നാലും ശരി.

ഖനന വസ്തുക്കൾ:

ഭൂമിയിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന സ്വർണ്ണം, ഇരുമ്പ്, അലൂമി നിയം, ഈയം, നാകം, മുത്തുകൾ ഉപ്പ്, പെട്രോൾ മുതലായവ ഇതിൽ പെടുന്നതാണ്.

സ്വർണവും വെള്ളിയുമാണെങ്കിൽ അതിന്റെ നിസാബ് എത്തിയാൽ അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകേണ്ടതുണ്ട്.

സ്വർണവും വെള്ളിയുമല്ലാത്തവയാണെങ്കിൽ സ്വർണത്തിന്റെയോ വെള്ളിയുടെയോ നിസാബ് എത്തിയാൽ അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകണം.

ഓരോ ഖനന വസ്തുക്കളും അതിന്റെ ശുദ്ധീകരണവും മറ്റു കഴിഞ്ഞിട്ടാണ് സകാത്ത് നൽകേണ്ടത്. അതിന് വർഷം തികയേണ്ടതില്ല. മറിച്ച് കൃഷിയുടെ പോലെ എപ്പോഴാണോ ലഭിക്കുന്നത് അപ്പോൾ അതിന് സകാത്ത് നൽകണം.

കടലിൽ നിന്നും ലഭിക്കുന്നതിന്റെ വിധി:

കടലിൽ നിന്നും ലഭിക്കുന്ന മുത്ത്, പവിഴം, തിമിംഗലം, മൽസ്യം എന്നിവക്ക് സകാത്തില്ല.

## നിധികൾ:

ഭൂമിയിൽ ഏതെങ്കിലും കാലത്ത് കുഴിച്ചിട്ട സ്വർണവും വെള്ളിയും, ചിലപ്പോൾ അതിൽ അവിശ്വാസികളുടെ അടയാളങ്ങളും അവരുടെ രാജാക്കന്മാരുടെ പേരുകളും കണ്ടേക്കാം.

മുസ്‌ലീങ്ങളുടെ വല്ല അടയാളങ്ങളും കണ്ടെത്തുകയാണെങ്കിൽ അതിൻെറ വിധി വീണ്പോയ മുതലിൻെറ വിധിയിലാണ് പെടുത്തുക. അതിൻെറ വർഷം ഏതാണെന്ന് കണ്ട് പിടിക്കുകയും വേണ്ടത് ചെയ്യുകയും വേണം.

## നിർബ്ബന്ധമായത്:

കണ്ടെത്തിയത് കുറച്ചാണെങ്കിലും, കൂടുതലാണെങ്കിലും കിട്ടിയതിൻെറ അഞ്ചിലൊന്ന് സകാത്ത് നൽകണം. കണ്ടെത്തിയത് ഏതിനത്തിൽ പെട്ടതാണെങ്കിലും ശരി അഞ്ചിലൊന്ന് സകാത്ത് കൊടുത്ത് മിച്ചം വന്നത് കണ്ടെത്തിയവനാകുന്നു. പ്രവാചകൻ(സ) പറയുന്നു:

لقوله ﷺ: ( وفي الركاز الخمس) (رواه الجماعة)

"നിധികൾക്ക് അഞ്ചിലൊന്ന് സകാത്ത് നൽകണം"

സകാത്ത് നൽകിയതിൻെറ ശേഷമുള്ളത് അത് ആരാണോ കണ്ടെത്തിയത് അവനുള്ളതാണ്. അങ്ങിനെയാണ് ഹദീസിൽ നിന്ന് മനസിലാക്കുവാൻ സാധിക്കുന്നത്.

## തേൻ:

30 സ്വാഹ് ന്നബവി (90 കിലോഗ്രാം) ഉണ്ടെങ്കിൽ അതിൻെറ പത്ത് ശതമാനം സകാത്ത് നൽകേണ്ടതുണ്ട്. എന്നാൽ തേനിന് സകാത്ത് നൽകണം എന്ന് പറയുന്ന ഹദീസുകൾ മുഴുവനും ദുർബ്ബലമാണ്. ആയതിനാൽ ഭൂരിക്ഷം പണ്ഡിതന്മാരും തേനിന് സകാത്തില്ലായെന്നാണ് പറയുന്നത്. ഇബ്നു തീമിയ്യക്ക് ഈ അഭിപ്രായമാണുള്ളത്.

## സ്വർണ്ണവും വെള്ളിയും:

## സകാത്ത് നിർബ്ബന്ധമാണെന്നതിനുള്ള തെളിവ്:

സ്വർണ്ണത്തിനും, വെള്ളിക്കും സകാത്ത് നിർബ്ബന്ധമാണ്. വിശുദ്ധഖുർആൻ പറയുന്നു:

قوله تعالى:[والذين يكنزون الذهب والفضة ولا ينفقونها في سبيل الله فبشرهم بعذابٍ أليم] (التوبةآية 35)

"സ്വർണ്ണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അത് ചിലവഴി ക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി 'സന്തോഷവാർത്ത അറിയിക്കുക" (തൗബ:34)

عن أبي هريرة رضي الله عنه قال: قال رسول الله ﷺ: (ما من صاحب ذهب ولا فضه لا يؤدي منها حقها إلا إذا كان يوم القيامة صفحت له صفائح من نار يحمى عليها في نار جهنم فيكوى بها جنبه وجبينه وظهره كلما بردت أعيدت له في يومٍ كان مقداره خمسين ألف سنه حتى يقضى بين العباد) (رواه مسلم).

പ്രവാചകതിരുമേനി(സ) പറയുന്നു: "സ്വർണ്ണത്തിൻെറയും വെള്ളിയുടെയും ഉടമസ്ഥർ അതിൻെറ അവകാശം കൊടുത്തു വീട്ടിയില്ലെങ്കിൽ അവസാന നാളിൽ അവ ഒരുമിച്ച് കൂട്ടി നരകത്തിലിട്ട് പഴുപ്പിച്ച് അവൻെറ പാർശ്വങ്ങളിലും, നെറ്റിയിലും, മുതുകുകളിലും ചൂടുവെക്കുന്നതാണ്. അതിൻെറ ചൂട് തണുക്കുമ്പോഴെല്ലാം തന്നെ 50000 വർഷങ്ങൾക്ക് തുല്ല്യമായ ദിനത്തിൽ അടിമകൾക്കിടയിൽ തീർപ്പ് കൽപിക്കുന്നത് വരെ വീണ്ടും വീണ്ടും ചൂട് വെക്കുന്നതാണ്" (മുസ്ലിം).

### സ്വർണ്ണത്തിൻെറ നിസ്വാബ്:

സ്വർണ്ണത്തിൻെറ നിസ്വാബ് 20 മിസ്ഖാൽ ആണ്. ഫിഖ്ഹ് പണ്ഡിതന്മാരുടെ അഭിപ്രായ പ്രകാരം മിസ്ഖാൽ 72 ഗോതമ്പ്മണിയുടെ തൂക്കം വരും. 41/4 ഗ്രാമിന് തുല്ല്യമാണത്. 20 മിസ്ഖാൽ 85 ഗ്രാം വരും.

### വെള്ളിയുടെ നിസ്വാബ്:

വെള്ളിയുടെ നിസ്വാബ് അഞ്ച് അവാഖ് ആണ്. ഇത് 140 മിസ്കാൽ വെള്ളിക്ക് തുല്ല്യമാണ്. 200 ദിർഹമിന് തുല്ല്യവുമാണിത്. അതായത് 595 ഗ്രാം. നബി(സ) പറയുന്നു:

قال صلى الله عليه وسلم: (ليس فيما دون خمس أواق صدقة ) (متفق عليه).

"അഞ്ച് അവാഖിന് താഴെയുള്ളതിന് സകാത്ത് ഇല്ല" (മുത്തഫഖുൻ അലൈഹി)

### കറൻസിയുടെ നിസ്വാബ്:

ആധുനിക കറൻസികളുടെ നിസ്വാബ് പരിഗണിക്കേണ്ടത് സ്വർണ്ണത്തിൻെറയും വെള്ളിയുടെയും പരിധിയാണ്. ഇതിൽ ഏതൊന്നിൻെറയെങ്കിലും പരിധിക്കുള്ള ഏതെങ്കിലും കറൻസി ഉണ്ടായാൽ അതിന് സകാത്ത് നൽകേണ്ടതുണ്ട്.

ഒരാളുടെയടുത്തുള്ള വെള്ളിയും, സ്വർണ്ണവും കറൻസിയും കൂട്ടിയാൽ സകാത്തിൻെറ പരിധിയെത്തിയാൽ അതിനും സകാത്ത് നിർബ്ബന്ധമാണ്. എന്നാൽ അതിൻെറ നിസാബ് എത്തിയിില്ലെങ്കിൽ അതിന് സകാത്ത് കൊടുക്കേണ്ടതില്ല. മറ്റുള്ളവരുടെ കൈവശമുള്ള ധനവുമായി കൂട്ടിക്കലർത്തുവാൻ പാടുള്ളതല്ല. എന്നാൽ കൂട്ടുകച്ചവടമാണെങ്കിൽ അതിന് അതിനനസുരിച്ച് സകാത്ത് നൽകേണ്ടതുണ്ട്.

എത്രയാണ് കൊടുക്കേണ്ടത്?

പത്തിലൊന്നിൻെറ നാലിലൊന്ന് അതായത് 2.5 ശതമാനം. കാരണം തിരുമേനി പറയുന്നു:

لقوله ﷺ: (في الرقة ربع العشر) (متفق عليه)

"വെള്ളി നാണയങ്ങൾക്ക് പത്തിലൊന്നിൻെറ നാലിലൊന്നാണ്" (മുത്തഫഖുൻ അലൈഹി)

സ്വർണ്ണവും വെള്ളിയും പരസ്പരം കൂട്ടിക്കലർത്തിയതാണെങ്കിൽ അതിന് സകാത്തില്ല. ഓരോന്നിനും അതിൻെറ നിസാബ് എത്തുന്നത് വരെ.

കച്ചവടത്തിൻെറ സകാത്ത്:

അതിനുള്ള തെളിവ്

(فإن النبيﷺ كان يأمرنا أن نخرج الصدقة من الذي نعده للبيع ) (رواه أبو داود و البيهقي ) .

സമുറബ്നു ജുൻദുബ്(റ) പറയുന്നു: "അതിന് ശേഷം, തീർച്ചയായും പ്രവാചക തിരുമേനി(സ) കച്ചവടസാധനങ്ങൾക്ക് സകാത്ത് നൽകുവാനായി ഞങ്ങളോട് കൽപിക്കുമായിരുന്നു" (അബൂദാവൂദ്, ബൈഅഖി)

കച്ചവട സാധനങ്ങൾക്ക് സകാത്ത് നിൽബ്ബന്ധമാവാനുള്ള നിബന്ധന:

കച്ചവടത്തിനുള്ളതായിരിക്കുക എന്ന നിബന്ധന മാത്രമേയൊള്ളൂ.

സകാത്ത് നൽകേണ്ടത് എങ്ങിനെ?

കച്ചവട ചരക്കുകളുടെ നിസാബ് എത്തി ഒരു വർഷം തികഞ്ഞാൽ അതിൻെറ പത്തിലൊന്നിൻെറ നാലിലൊന്നിൻെറ വിലയാണ് സകാത്ത് നലകേണ്ടത്. രണ്ടര ശതമാനം

സ്വർണ്ണത്തിലേക്കും, വെള്ളിയിലേക്കും കൂട്ടിചേർക്കൽ:

ഒരാളുടെ കൈവശം വെള്ളിയും, സ്വർണ്ണവും, കച്ചവട ചരക്കുകളും ഉണ്ടെങ്കിൽ അത് പരസ്പരം കൂട്ടിയാൽ നിസാബ് എത്തുമെങ്കിൽ അതിന് സകാത്ത് നൽകണം.

ശ്രദ്ധിക്കുക:

ഉപയോഗിക്കുവാനായി ഉണ്ടാക്കുന്ന വീട്, വസ്ത്രം, വീട്ടുപകരണങ്ങൾ എന്നിവക്ക് സകാത്തില്ല. ഇനി മേൽ പറയപ്പെട്ടവ കച്ചവടത്തിനായി ഒരുക്കുകയാണെങ്കിൽ കച്ചവടത്തിന് ഉദ്ധേശിച്ചത് മുതൽ ഒരു വർഷം തികയുകയാണെങ്കിൽ അതിനും സകാത്ത് നൽകേണ്ടതുണ്ട്.

അത്പോലെ വാടകക്ക് കൊടുക്കുവാൻ വേണ്ടി ഉണ്ടാക്കുന്ന കെട്ടിടങ്ങൾ, വാഹനങ്ങൾ എന്നിവക്ക് സകാത്തില്ല. എന്നാൽ അതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന് സകാത്ത് നിൽബ്ബന്ധമാണ്.

കടത്തിൻെറ സകാത്ത്:

എപ്പോഴാണ് കടത്തിന് സകാത്ത് നിർബ്ബന്ധമാവുക?

കടം വാങ്ങിയവൻെറയടുത്ത് തിരിച്ച് തരുവാൻ സമ്പത്ത് ഉണ്ടെങ്കിലും കിട്ടുമെന്ന് ഉറപ്പുണ്ടെങ്കിലും അതിൻെറ സകാത്ത് കടം കൊടുത്തവൻ നിർവ്വഹിക്കേണ്ടതാകുന്നു. അല്ലെങ്കിൽ കടം കൊടുത്തത് കിട്ടിയതിന് ശേഷം പോയ വർഷങ്ങളുടേത് മുഴുവനും കണക്ക് കൂട്ടി കൊടുക്കേണ്ടതാണ്.

എപ്പോഴാണ് കടത്തിന് സകാത്ത് നിർബ്ബന്ധമല്ലാതാവുക?

കടം തിരിച്ച് തരുവാൻ കഴിയാത്തവനോ, അതല്ലെങ്കിൽ പ്രയാസമനുഭവിക്കുന്നവനോ കടം കൊടുത്തതിന് സകാത്ത് നിർബ്ബന്ധമല്ല. ഇനി അങ്ങനെയുള്ളവൻ തിരിച്ച് തന്നാൽ അതിന് ആ വർഷം മാത്രം സകാത്ത് കൊടുത്താൽ മതിയാവുന്നതാണ്.

സകാത്ത് കൊടുക്കുന്നതിന് മുമ്പ് മരിച്ച് പോയാൽ:

സകാത്ത് നിർബ്ബന്ധമായവൻ അത് കൊടുത്ത് വീട്ടുന്നതിന് മുമ്പ് മരിച്ച് പോയാൽ അവൻ ഉപേക്ഷിച്ച സമ്പത്തിൽ നിന്ന് അത് വീട്ടേണ്ടതാണ്. മരിച്ചുവെന്ന് കരുതി സകാത്തിൽ നിന്ന് ഒഴിവാകുകയില്ല.

قوله ﷺ : (فدين الله أحق بالوفاء) (متفق عليه)

പ്രവാചക തിരുമേനി(സ) പറയുന്നു: “വീട്ടുവാൻ ഏറ്റവും അർഹതയുള്ളത് അല്ലാഹുവിൻെറ കടമാകുന്നു” (മുത്തഫഖുൻ അലൈഹി) മയ്യത്തിൻെറ മേലുള്ള

കടമായതിനാൽ നിർബ്ബന്ധമായും അതിൽ നിന്ന് മയ്യത്തിനെ മുക്തമാക്കേണ്ടതുണ്ട്.

## സകാത്തിൻെറ അവകാശികൾ:

അല്ലാഹു സകാത്തിൻെറ അവകാശികളായി എട്ട് പേരെയാണ് എണ്ണിയിട്ടുള്ളത്. അല്ലാഹു പറയുന്നു:

قوله تعالى :(إنما الصدقات للفقراء والمساكين والعاملين عليها والمؤلفة قلوبهم وفي الرقاب والغارمين وفي سبيل الله وابن السبيل فريضة من الله والله عليم حكيم) (التوبة آية 60) .

അർത്ഥം: "സകാത്ത് മുതലുകൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും, അഗതകൾക്കും, അതിൻെറ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമു മായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചനത്തിൻെറ) കാര്യത്തിലും, കടം കൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിൻെറ മാർഗ ത്തിലും, വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്നു നിശ്ചയിക്കപ്പെ ട്ടതത്രേ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്" (തൗബ:60)

**1- ദരിദ്രർ.**

സ്വന്തം ആവശ്യങ്ങൾ സ്വന്തമായി നിറവേറ്റുവാൻ കഴിയാത്തവർ. അല്ലെങ്കിൽ കുറെയൊക്കെ നിറവേറ്റുവാൻ സാധിക്കുമെങ്കിലും പൂർത്തീക രിക്കുവാൻ കഴിയാത്തവരാകുന്നു അവർ. ഇവർ പാവപ്പെട്ടവരേക്കാളും കൂടുതൽ ആവശ്യമുള്ളവരാകുന്നു. അത്കൊണ്ട് തന്നെയാണ് അല്ലാഹു ആയത്തിൽ അവരെ മുന്തിപ്പിച്ചത്.

**2- പാവപ്പെട്ടവർ.**

ഈ വിഭാഗം കുറേയൊക്കെ നിറവേറ്റാൻ കഴിയുമെങ്കിലും പരിപൂർണമാ യി സാധിക്കാത്തവരാണ്. ഇവർ ദരിദ്രരേ(ഫുഖറാഅ്)ക്കാളും മെച്ചപ്പെട്ട വരാണ്.

3- സകാത്ത് ശേഖരിക്കുവാനും, വിതരണം ചെയ്യുവാനും വേണ്ടി പ്രവർത്തിക്കുന്നവർ.

4- ഹൃദയം ഇണക്കപ്പെട്ടവർ: ഇവർ രണ്ട് വിഭാഗമാണ്. അവിശ്വാസികളും, മുസ്‌ലീങ്ങളും.

ഇസ്‌ലാം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്കും, അത്പോലെ മുസ്‌ലീങ്ങൾക്ക് വരുന്ന ഉപദ്രവങ്ങൾ തടയുവാനും വേണ്ടി സകാത്ത് വിനിയോഗിക്കാവുന്നതാണ്. അത്പോലെ മുസ്‌ലീങ്ങളായവർക്ക് അവരുടെ വിശ്വാസം ദൃഢീകരിക്കുവാനും, അവരെ ഇസ്‌ലാമിൽ തന്നെ ഉറച്ച് നിൽത്തുവാനും ഉതകുന്ന രൂപത്തിലുള്ള സഹായം അവർക്കും നൽകാവുന്നതാണ്.

5- അടിമകൾ:

സ്വന്തം യജമാനന്മാരുമായി മുകാതബ (ഞങ്ങൾ ഇത്ര സമയത്തിനുള്ളിൽ നിശ്ചിതമായ സംഖ്യ തരാം ഞങ്ങളെ മോചിപ്പിക്കണമെന്ന് പറഞ്ഞ് കരാറിൽ ഏർപ്പെടുന്നവർ) എഴുതുകയും എന്നിട്ട് അത് നിറവേറ്റുവാൻ കഴിയാത്തവരായ അടിമകൾ. അവർക്ക് അത് പൂർത്തീകരിക്കുവാനാവശ്യമായത് സകാത്തിൽ

നിന്നും നൽകാവുന്നതാണ്. അത്പോലെ അടിമകളെ വിലക്ക് വാങ്ങി സകാത്തിൽ നിന്നുള്ള വിഹിതം കൊണ്ട് അവരെ മോചിപ്പിക്കലും അനുവദനീയമാണ്. അത്പോലെ ബന്ധികളായ മുസ്ലീങ്ങളെ സകാത്തിൻെറ വിഹിതം കൊണ്ട് മോചിപ്പിക്കാവുന്നതാണ്.

6 കടമുള്ളവർ: വീട്ടുവാൻ കഴിയാത്ത കടമുള്ളവർ. അവർ രണ്ട് വിഭാഗമാണ്.

- മറ്റുള്ളവർക്ക് വേണ്ടി കടബാധ്യത ഏറ്റെടുത്തവർ: രണ്ട് വ്യക്തികൾക്കിടയിലോ, ഗോത്രങ്ങൾക്കിടയിലോ ഉള്ള വൈരം തീർത്ത് യോജിപ്പിലെത്തുവാനായി ഒരു വ്യക്തി സ്വയം എറ്റെടുക്കുന്ന കടം. അത് ചിലപ്പോൾ വളരെ വലിയ നന്മയായിരിക്കും അനന്തിരമായി നൽകുന്നത്. ആയതിനാൽ തന്നെ അങ്ങിനെ യോജിപ്പിന് വേണ്ടി സ്വയം ഏറ്റെടുത്ത കടം വീട്ടാൻ കഴിയാത്തവരെയും സകാത്തിൻെറ വിഹിതം നൽകി സഹായിക്കാവുന്നതാണ്.

- സ്വയം കടമുള്ളവർ: സ്വന്തത്തിന് വേണ്ടി കടം വാങ്ങിയിട്ട് അത് വീട്ടാൻ സാധിക്കാത്തവർക്കും സകാത്ത് നൽകാവുന്നതാണ്.

7- അല്ലാഹുവിൻെറ മാർഗത്തിൽ: ശംമ്പളം പറ്റാതെ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നവർക്കും സകാത്ത് നൽകാം.

8- വഴി യാത്രക്കാർ: വിഭവങ്ങൾ നഷ്ടമായവരോ, തീർന്നവരോ ആയ വഴിയാത്രക്കാർക്കും അവരുടെ ദേശങ്ങളിലേക്കെത്താനാവശ്യമായത് സകാത്തിൽ നിന്ന് നൽകാവുന്നതാണ്.

ശ്രദ്ധിക്കുക: വഴി യാത്രക്കാർ, കടമുള്ളവർ, അടിമകൾ, യുദ്ധം ചെയ്യുന്നവർ എന്നിവർക്ക് അവരുടെ ആവശ്യം കഴിഞ്ഞ് മിച്ചം വരുകയാണെങ്കിൽ അത് തിരികെ നൽകൽ നിർബ്ബന്ധമാകുന്നു. കാരണം അവർക്ക് ആവശ്യത്തിന് മാത്രമെ നൽകാവൂ, കൈവശപ്പെടുത്തുവാൻ പാടില്ല.

<u>മേൽ വിവരിക്കാത്തവർക്ക് സകാത്തിൻെറ വിഹിതം നൽകുന്നതിൻെറ വിധി:</u>

ആയത്തിൽ പരാമർശിക്കാത്തവർക്ക് സകാത്തിൻെറ വിഹിതം നൽകുവാൻ പാടില്ല. അത് പള്ളി വിദ്യാഭ്യാസ സ്ഥാപനം, ആശുപത്രി നിർമ്മാണം, ഖുർആൻ വിതരണം, മയ്യത്തിനെ മറമാടുക പോലെയുള്ള നന്മയുടെയും, പുണ്യത്തിൻെറയും മാർഗത്തിലാണെങ്കിൽ പോലും. എന്നാൽ പുണ്യകരമായ സ്വദഖകൾ ഇങ്ങനെയുള്ള കാര്യങ്ങൾക്കും, ഉദ്ദേശിക്കുന്നയാളുകൾക്കും നൽകാവുന്നതാണ്.

<u>ശ്രദ്ധിക്കുക:</u>

- മഹാനായ പണ്ഡിതൻ ഇബ്നുതീമിയ്യ(റ) പറയുന്നു: സകാത്ത് കൊടുക്കേണ്ടത് അല്ലാഹുവിനെ അനുസരിക്കുന്നവർക്കാണ്. അല്ലാത്തവർക്ക് കൊടുക്കൽ അനിവാര്യമല്ല. കാരണം അല്ലാഹുവിനെ അനുസരിക്കുന്ന സത്യവിശ്വാസികൾക്ക് സഹായകമായിട്ടാണ് സകാത്ത് നിർബ്ബന്ധമാക്കിയി

ട്ടുള്ളത്. നമസ്കരിക്കാത്ത ആവശ്യക്കാർക്ക്, അവർ പശ്ചാതാപിച്ച് നമസ്കരാം നിലനിർത്തുന്നത് വരെ അവർക്ക് സകാത്ത് നൽകുവാൻ പാടില്ല.

- ചെലവിന് കൊടുക്കൽ ബാധ്യതയില്ലാത്ത ആവശ്യക്കാരായ ബന്ധുക്കൾക്ക് സകാത്ത് കൊടുക്കൽ സുന്നത്താകുന്നു. പ്രവാചകൻ(സ) പറയുന്നു:

لقوله ﷺ:(صدقتك على ذي القرابةصدقه وصله) (رواه الخمسة وحسنه الترمذي) .

"അടുത്തബന്ധുക്കൾക്ക് കൊടുക്കുന്ന സ്വദഖകൾ സ്വദഖയും, കുടുംബ ബന്ധം ചേർക്കലുമാകുന്നു"

- ബനൂഹാഷിം കുടുംബത്തിനും സകാത്ത് അനുവദനീയമല്ല. അവരിൽ അബ്ബാസ്(റ) കുടുംബവും, അലി(റ) കുടുംബവും, ജഅ്ഫർ(റ) കുടുംബവും, ഹാരിഥ്ബ്നു(റ) അബ്ദുൽ മുത്തലിബ് കുടുംബവും, അബൂലഹബ് കുടുംബവും പെടുന്നതാണ്. പ്രവാചകൻ(സ) പറയുന്നു:

لقوله ﷺ: (إن الصدقة لا تنبغي لآل محمد وإنما هي أوساخ الناس) (رواه مسلم) .

"മുഹമ്മദിന്റെ കുടുംബത്തിന് സകാത്ത് അനുവദനീയമല്ല. അത് ജനങ്ങളുടെ മുതലാകുന്നു" (മുസ്ലിം)

- ധനികനായ ഭർത്താവിന് കീഴിൽ കഴിയുന്ന ദരിദ്രയായ സ്ത്രീക്ക് സകാത്ത് കൊടുക്കൽ അനുവദനീയമല്ല. അത്പോലെ ധനികനായ ബന്ധു സഹായിക്കുന്ന ദരിദ്രനും അനുവദനീയമല്ല.
- ചിലവിന് കൊടുക്കൽ നിർബ്ബന്ധിതരായ ഭാര്യ, മക്കൾ, മതാപിതാ ക്കൾ പോലെയുള്ള കുടുംബ ക്കാർക്കും സകാത്ത് കൊടുക്കാവുന്നതല്ല. കാരണം ഇവർ തന്റെ സമ്പത്തിൽ സംരക്ഷിക്കപ്പെ ടേണ്ടവരാണ്.
- ഒരു വർഷത്തെ സകാത്ത് മുഴുവനും നേരത്തെ വിവരിച്ച എട്ടിൽ ഒരു വിഭാഗം ആളുകൾക്ക് മാത്രം വിതരണം ചെയ്യുന്നത് അനുവദനീയമാണ്. അത്പോലെ അർഹനായ ഒരു വ്യക്തിക്ക് മാത്രം കൊടുക്കലും അനുവദനീയം തന്നെ.
- സകാത്ത് നൽകുന്ന വ്യക്തി അതിനർഹനായവന് തന്നെയാണ് ഞാൻ കൊടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കൊടുക്കുന്ന സമയത്ത് അവനർഹനാണെന്ന് കരുതി കൊടുത്തു പിന്നെയാണ് അവനർഹനല്ലായെന്ന് മനസിലായാൽ ആ സകാത്ത് ശരിയാവുകയില്ല. എന്നാൽ അത് അവൻ മനസിലാക്കിയില്ല എങ്കിൽ ആ സകാത്ത് ശരിയാവുന്നതാണ്.

## സകാത്ത് നിർബ്ബന്ധമായ സമയത്തെ തൊട്ട് മുന്തിപ്പിക്കലും, പിന്തിപ്പിക്കലും

മുന്തിപ്പിക്കൽ: ഒരു വർഷത്തേതോ, രണ്ട് വർഷത്തേതോ സകാത്ത് അതിന്റെ നിസ്വാബ് എത്തിയാൽ മുന്തിപ്പിക്കൽ അനുവദനീയമാകുന്നു. കാരണം നബി(സ) പറയുന്നു:

لان النبي ﷺ : ( تعجل من العباس صدقة سنتين ) ( أخرجه أبو داود واحمد) .

"അബ്ബാസിൽ നിന്ന് രണ്ട് വർഷത്തെ സകാത്ത് മുന്തിപ്പിക്കുകയുണ്ടായി"

(അബൂദാവൂദ്, അഹ്മദ്)

പിന്തിപ്പിക്കല്‍: സകാത്ത് കൊടുക്കുവാനുള്ള സമയം ആയാല്‍ അത് പിന്തിപ്പിക്കുവാന്‍ പാടില്ല. എന്നാല്‍ നല്‍കപ്പെടേണ്ട വ്യക്തികളെ കണ്ടെത്തുവാനോ, അല്ലെങ്കില്‍ സമ്പത്ത് ലഭിക്കുവാനുള്ള ചെറിയ താമസമോ വിഷയമല്ല.

ഒരു നാട്ടില്‍ സകാത്ത് വാങ്ങാന്‍ ആളുകളില്ലെങ്കില്‍ അവിടുത്തെ സകാത്ത് അടുത്ത നാടുകളിലേക്ക് വിതരണം ചെയ്യാവുന്നതാണ്.

ശ്രദ്ധിക്കുക:

- സകാത്ത് നല്‍കുന്നവന്‍ സകാത്താണ് നല്‍കുന്നതെന്ന നിയ്യത്ത് അനിവാര്യമാണ്. കാരണം പ്രവാചക തിരുമേനി(സ) പറയുന്നു:

لقوله ﷺ :(إنما الأعمال بالنيات) ( متفق عليه ).

"കര്‍മ്മങ്ങളെല്ലാം ഉദ്ദേശത്തിനനുസരിച്ചാകുന്നു" (മുത്തഫകുന്‍ അലൈഹി)

- സകാത്ത് നല്‍കല്‍ നല്ലത് മുതലിന്‍റെ ഉടമ തന്നെയാണ്. എന്നാല്‍ മഹല്ലില്‍ കൂട്ടമായി നല്‍കുവാനുള്ള സംവിധാനം ഉണ്ടങ്കില്‍ അവരെ ഏല്‍പിക്കാവുന്നതാണ്. അത്പോലെ മുസ്ലീങ്ങളുടെ ഇമാമോ നേതാവോ ആവശ്യപ്പെടുകയാണെങ്കില്‍ അദ്ദേഹത്തിനോ, അതല്ലെങ്കില്‍ അദ്ദേഹം ഏല്‍പിക്കുന്ന മറ്റു പ്രവര്‍ത്തകര്‍ക്കോ നല്‍കല്‍ അനിവാര്യമാണ്.

- സകാത്ത് നല്‍കേണ്ടത് വളരെ സംതൃപ്തമായ മനസ്സോടെയാണ്. എങ്കിലായിരിക്കും അവന് ഇരുലോകത്തും പ്രതിഫലം കരഗതമായവു കയുള്ളൂ. അത് നഷ്ടപ്പെട്ടുവെന്നും വിചാരിക്കേണ്ടതില്ല. അല്ലാഹു അങ്ങനെയുള്ളവരെയാണ് പുകഴ്തി പറഞ്ഞിട്ടുള്ളത്. വെറുക്കുന്ന മനസോടെ നഷ്ടബോധത്തോടെ നല്‍കുന്നവര്‍ക്ക് അതിന്‍റെ പ്രതിഫലം ലഭിക്കുകയില്ല. അവരെ അല്ലാഹു ആക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

قال تعالى : ( ومن الأعراب من يتخذ ما ينفق مغرماً ويتربص بكم الدوائر عليهم دائرة السوء والله سميع عليم* ومن الأعراب من يؤمن بالله واليوم الآخر ويتخذ ما ينفق قربات عند الله وصلوات الرسول ألا إنها قربة لهم سيدخلهم الله في رحمته إن الله غفور رحيم*) ( التوبة آية 98-99 ) .

"തങ്ങള്‍ (ദാനമായി) ചെലവഴിക്കുന്നത് ഒരു ധനനഷ്ടമായി ഗണിക്കുകയും, നിങ്ങള്‍ക്ക് കാലക്കേ ടുകള്‍ വരുന്നത് കാത്തിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം അഅ്റാബികളുടെ കൂട്ടത്തിലുണ്ട്. അവരുടെ മേല്‍ തന്നെയായിരിക്കട്ടെ ഹീനമായ കാലക്കേട്. അല്ലാഹു എല്ലാം കേള്‍ക്കുന്നവനും, അറിയുന്നവനുമത്രെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, തങ്ങള്‍ ചിലവഴിക്കുന്നതിനെ അല്ലാഹുവില്‍ സാമീപ്യത്തിനു തകുന്ന പുണ്യകര്‍മ്മങ്ങളും റസൂലിന്‍റെ പ്രാര്‍ത്ഥനക്കുള്ള മാര്‍ഗവും ആക്കിതീര്‍ക്കുകയും ചെയ്യുന്ന ചിലരും അഅ്റാബികളുടെ കൂട്ടത്തിലുണ്ട്. ശ്രദ്ധിക്കുക: തീര്‍ച്ചയായും അതവര്‍ക്ക് ദൈവസാമീപ്യം നല്‍കുന്നതാണ്. അല്ലാഹു അവരെ തന്‍റെ കാരുണ്യത്തില്‍ പ്രവേശിപ്പിക്കുന്നതാണ്. തീര്‍ച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും

കരുണാനിധിയുമാകുന്നു" (തൗബ: 98-99)

- സാധാരണ സകാത്ത് വാങ്ങുന്നയാള്‍ക്കാണ് സകാത്ത് നല്‍കു ന്നതെങ്കില്‍ ഇത് സകാത്താണ് എന്ന് പറയേണ്ടതില്ല. ചിലപ്പോഴദ്ദേഹത്തിനത് ബുദ്ധിമുട്ടായിരിക്കും. എന്നാല്‍ സാധാരണ കൊടുക്കാ ത്തയാളാണെങ്കില്‍ അവനോടത് പറയാവുന്നതാണ്.

- ഏതൊരു നാട്ടില്‍ നിന്നാണോ സകാത്ത് ശേഖരിക്കുന്നത് ആ നാട്ടില്‍ തന്നെ ആ സകാത്ത് വിതരണം നടത്തലാണ് ഏറ്റവും ഉത്തമം. ഇനി ആ നാട്ടില്‍ വാങ്ങുവാനാളില്ലെങ്കില്‍ അടുത്ത നാട്ടിലേക്ക് അയക്കാവുന്നതാണ്. അത്പോലെ മതപരമായ കാരണങ്ങളുണ്ടെങ്കിലും സകാത്ത് അടുത്ത രാജ്യങ്ങളിലേക്ക് നീക്കം ചെയ്യാവുന്നതാണ്.

- ഇസ്‌ലാമിക രാജ്യം ഭരിക്കുന്ന ഭരണകര്‍ത്താവിന്‍െറ ചുമതലയില്‍ പെട്ടതാണ് സകാത്തിന്‍െറ സമയമായാല്‍ അത് ഉണര്‍ത്തുവാനും പിരിച്ചെടു ക്കുവാനും വേണ്ടി ആളെ ചുമതലപ്പെടുത്തല്‍. കാരണം ചിലയാളുകള്‍ അത് പിരിച്ചെടുക്കുന്നവന്‍ വന്നില്ലെങ്കില്‍ കൊടുക്കുകയില്ല. അത്പോലെ ചുരുക്കം ചിലര്‍ക്കെങ്കിലും അതിന്‍െറ വിധിയെ സംബന്ധിച്ചും, മറ്റും അജ്ഞതയിലാരിക്കും. അത് കൊണ്ട് തന്നെ അതൊക്കെ ഉണര്‍ത്താവുന്ന രൂപത്തില്‍ ഒരാളെ നിയോഗിക്കുന്നത് വളരെ നല്ലാതും, ജനങ്ങള്‍ക്ക് അത് ഒരു സഹായകവുമായിരിക്കും.